(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം നിമിത്തവും പ്രസ്തുത നിധിയിലേക്ക് പൊതുജനങ്ങളുടെയും സ്ഥാപനങ്ങളുടെയും സംഭാവന വളരെ കുറവായതിനാലും തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി ചാലക്കുടി മണ്ഡലത്തിൽ അനുവദിച്ച സഹായം

43(1288) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചാലക്കുടി മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ സഹായത്തിന്റെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ദുരിതാശ്വാസ നിധി വഴി ചാലക്കുടി മണ്ഡലത്തിൽ അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്ക് നൽകിയ തുക എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സംബന്ധിച്ച മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം നൽകുന്നതിൽ വിവേചനം

44(1289) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അപകടത്തിൽപ്പെട്ടു മരണമടഞ്ഞവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിൽ ഭരണ-പ്രതിപക്ഷ വിവേചനം മാനദണ്ഡമാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) മരണപ്പെട്ട ഭരണപക്ഷത്തുള്ളയാളുടെ കുടുംബത്തിന് കൂടുതൽ തുകയും പ്രതിപക്ഷത്തുള്ളയാളുടെ കുടുംബത്തിന് കുറഞ്ഞ തുകയും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അപകടത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിൽ ഭരണ-പ്രതിപക്ഷ വിവേചനം കാട്ടിയിട്ടില്ല. അപകടത്തിന്റെ കാഠിന്യം നോക്കിയും അപകടത്തിൽപ്പെട്ടവരുടെ കുടുംബത്തിന്റെ സ്ഥിതി പരിശോധിച്ചുമാണ് ധനസഹായം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly